"ഭരണഭാഷ- മാതൃഭാഷ"



**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശസ്വയംഭരണ വകുപ്പ്-തിരുവനന്തപുരം നഗരസഭയിൽ നിന്നും ഫീമെയിൽ അറ്റൻഡൻറ് തസ്തികയിൽ 31.03.2023-ൽ വിരമിച്ച ശ്രീമതി. ശ്യാമള.കെയ്ക്ക് ശൂന്യവേതനാവധി അനുവദിച്ച്- ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശസ്വയംഭരണ(ഇയു) വകുപ്പ്**

സ.ഉ.(സാധാ) നം.1649/2023/LSGD തീയതി,തിരുവനന്തപുരം, 14-08-2023

---

പരാമർശം:-
1. ശ്രീമതി. ശ്യാമള.കെ സമർപ്പിച്ച അവധി അപേക്ഷ.
2. പ്രിൻസിപ്പൽ ഡയറക്ടറുടെ 9-5-2023ലെ LSGD/PD/33036/2023-DEF5 നമ്പർ കത്ത്.

**ഉത്തരവ്**

തിരുവനന്തപുരം നഗരസഭയിൽ നിന്നും ഫീമെയിൽ അറ്റൻഡൻറ് തസ്തികയിൽ 31.03.2023-ൽ വിരമിച്ച ശ്രീമതി. ശ്യാമള.കെ അനധികൃതമായി സേവനത്തിൽ നിന്നും വിട്ട് നിന്ന 01.12.2010 മുതൽ 31.07.2011 വരെയുള്ള 243 ദിവസത്തെ കാലയളവ് ശൂന്യവേതനാവധിയായി ക്രമീകരിക്കുന്നതിന് പ്രിൻസിപ്പൽ ഡയറക്ടർ സൂചന(2) പ്രകാരം ശുപാർശ ചെയ്തിരുന്നു.

2.സർക്കാർ ഈ വിഷയം വിശദമായി പരിശോധിച്ചു. അനധികൃത ഹാജരില്ലായ്മയ്ക്ക് അപേക്ഷകയ്ക്കെതിരെ അച്ചടക്ക നടപടികൾ സ്വീകരിച്ചിട്ടില്ല എന്ന് അറിയിച്ചിരിക്കുന്ന സാഹചര്യത്തിലും, ടിയാൾ സർവ്വീസിൽ നിന്നും വിരമിച്ചത് കണക്കിലെടുത്തും, ചട്ടപ്രകാരമുള്ള അവധി അപേക്ഷയുടെ അടിസ്ഥാനത്തിൽ, അവധി കാലയളവിൽ അപേക്ഷക വിദേശയാത്ര നടത്തുകയോ രാജ്യത്തിനകത്തോ പുറത്തോ മറ്റ് ജോലികളിൽ ഏർപ്പെടുകയോ ചെയ്തിട്ടില്ല എന്ന് പ്രിൻസിപ്പൽ ഡയറക്ടർ ഉറപ്പുവരുത്തേണ്ടതാണ് എന്ന വ്യവസ്ഥയോടുകൂടി, ശ്രീമതി.ശ്യാമള കെ. സർവ്വീസിൽ നിന്നും വിട്ടുനിന്ന 01/12/2010 മുതൽ 31/07/2011 വരെയുള്ള കാലയളവ് ഇൻക്രിമെന്റ്, ഹയർ ഗ്രേഡ്, പെൻഷൻ, ആർജ്ജിത അവധി എന്നീ സേവനാനുകൂല്യങ്ങൾക്ക് പരിഗണിക്കുകയില്ല എന്ന വ്യവസ്ഥയിൽ കെ.എസ്.ആർ. ഭാഗം ഒന്ന്, ചട്ടം 88 പ്രകാരം ശൂന്യവേതന അവധിയായി ക്രമീകരിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
DR MANJU K
അണ്ടർ സെക്രട്ടറി

പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശസ്വയംഭരണ വകുപ്പ്,തിരുവനന്തപുരം

ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം

സെക്രട്ടറി, തിരുവനന്തപുരം മുനിസിപ്പൽ കോർപ്പറേഷൻ

ശ്രീമതി ശ്യാമള കെ,റിട്ട.ഫിമെയിൽ അറ്റൻഡന്റ്,തിരുവനന്തപുരം നഗരസഭ(പ്രിൻസിപ്പൽ ഡയറക്ടർ മുഖേന)

എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം
(ഈ ഉത്തരവ് വെബ് സൈറ്റിൽ പ്രസിദ്ധപ്പെടുത്തുന്നതിനായി)
കരുതൽ ഫയൽ / ഓഫീസ് പകർപ്പ്

ഉത്തരവിൻ പ്രകാരം
Signed by
Sonu Jacob
Date: 14-08-2023 13:24:34
സെക്ഷൻ ഓഫീസർ